LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഗവൺമെന്റ് ആയുർവേദ ആശുപത്രി കാസർഗോഡ് 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) 140/15/ആ.കു.വ. തീയതി 2-7-2015 പ്രകാരം കാസർഗോഡ് ഗവൺമെന്റ് ആയുർവേദ ആശുപത്രിയ്ക്ക് താഴെപ്പറയുന്ന അധിക തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ചീഫ് മെഡിക്കൽ ഓഫീസർ	1
മെഡിക്കൽ ഓഫീസർ	1
ഫാർമസിസ്റ്റ് ഗ്രേഡ് II	1
നേഴ്സ് ഗ്രേഡ് II	3
നഴ്സിംഗ് അസിസ്റ്റന്റ്	3
ക്ലാർക്ക്	1
പാർട്ട് ടൈം സ്വീപ്പർ	1

കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകളുടെ അപര്യാപ്തത

100 (2309) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ ക്യാൻസറിനും പനിരോഗങ്ങൾക്കുംപോലുള്ള പല മരുന്നുകളും ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2015-16 കാലയളവിൽ ഓരോ മാസവും കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലുണ്ടായിരുന്ന വിവിധ മരുന്നുകളുടെ സ്റ്റോക്ക് വിവരവും ഇല്ലാതിരുന്ന മരുന്നുകളുടെ വിവരവും വ്യക്തമാക്കുമോ ;

(സി) 2015-16 വർഷവും ഓരോ മാസവും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കാരുണ്യ ഫാർമസിക്ക് വിതരണംചെയ്ത മരുന്നുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കാരുണ്യ ഫാർമസികൾക്ക് മരുന്നുവിതരണംചെയ്യുന്ന പ്രധാന ഏജൻസിയായ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കൈവശം 2015 ജനുവരി മാസമുണ്ടായിരുന്ന മരുന്നുകളുടെയും മറ്റ് മെഡിക്കൽ ഉല്പന്നങ്ങളുടെയും സ്റ്റോക്ക് വിവരം എത്ര ; 2015 ജൂൺ ഒന്നിന്റെ സ്റ്റോക്ക് വിവരം എത്ര എന്നും വ്യക്തമാക്കുമോ ;

(ഇ) കാരുണ്യ ഫാർമസികൾവഴി 2015 വർഷം നാളിതുവരെ എത്ര ഇനം മരുന്നുകൾ വിപണനം നടത്തി എന്നും 2011-12 മുതൽ 2014 ഡിസംബർവരെ ഓരോ വർഷവും എത്ര ഇനം മരുന്നുകൾ വിപണനം നടത്തി എന്നും, പ്രസ്തുത മരുന്നുകൾ കാരുണ്യ ഫാർമസികൾക്ക് വിതരണം ചെയ്തത് ആരെല്ലാം എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി & ഡി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുവിതരണം ചെയ്യുന്നില്ല. മറിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെകീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ മരുന്നുകൾ സംഭരിക്കുന്നത് മരുന്നുവിതരണക്കാരിൽ നിന്നും നേരിട്ടുള്ള വിലപേശലിലൂടെയാണ്.

(ഇ) അനുബന്ധം II ആയി ചേർക്കുന്നു.*

കാരുണ്യ ഫാർമസികൾ

101 (2310) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നത് ;

(ബി) പ്രസ്തുത ഫാർമസികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ഫാർമസികൾ കമ്പനികളിൽനിന്നും നേരിട്ടുമരുന്നുവാങ്ങുമ്പോൾ ഏതുകമ്പനിയിൽനിന്നുംമരുന്നു വാങ്ങണം എന്നു തീരുമാനിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത് ;

(ഡി) പ്രസ്തുത ഫാർമസികൾ എത്ര കമ്പനികളിൽനിന്നും നേരിട്ട്മരുന്നു വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*

LIBRARY ARCHIVES Kerala Legislative Assembly